(ഡി) പ്രവർത്തനരഹിതമായിത്തീരാനുള്ള കാരണങ്ങളെക്കുറിച്ച് ഗവണ്മെന്റ് അന്വേഷിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തൊക്കെയായിരുന്ന കാരണങ്ങൾ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1954-55 ബഡ്ജറ്റ് വർഷാരംഭത്തിൽ സംസ്ഥാനത്ത് 2994 സഹകരണസംഘങ്ങൾ ഉണ്ടായിരുന്നു.

(ബി) അവയിൽ 2989 എണ്ണം ഇപ്പോഴും പ്രവർത്തിക്കുന്നു. 5 എണ്ണം പ്രവർത്തനരഹിതമായി.

(സി) പാറപ്പുറം, പെരുമ്പാവൂർ, എറണാകുളം, ആലുവാ, തിരുവല്ല എന്നീ സ്ഥലങ്ങളിലാണ് സംഘങ്ങൾ പ്രവർത്തനരഹിതമായത്. ആ സംഘങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. പുത്തൻചിറ ഗ്രാമോദ്ധാരണസഹകരണസംഘം 2986.
2. ആലുവാ ടെക്സ്റ്റയിൽ സഹകരണസംഘം 2210.
3. ഓറിയന്റൽ സഹകരണ മാർക്കറ്റിംഗ് സംഘം 332.
4. ആവണംകോട് കാർഷികോദ്ധാരണ സഹകരണസംഘം നമ്പർ 2235.
5. കരുമല ഹരിജനോദ്ധാരണ കൂട്ടുകൃഷി സഹകരണസംഘം നമ്പർ 3151.

(ഡി) പ്രവർത്തനരഹിതമാകാനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ട്.

(ഇ) അംഗങ്ങൾക്കു സംഘകാര്യങ്ങളിൽ താൽപ്പര്യമില്ലായ്മയാണ് പ്രധാന കാരണം.

പഞ്ചായത്ത് ജീവനക്കാരുടെ കൺവെൻഷൻ.

* 502. [39] ശ്രീ. എം. എ. ആന്റണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ജീവനക്കാരുടെ ഒരു കൺവെൻഷൻ ഏതാനും മാസങ്ങൾക്കുമുമ്പ് തിരുവനന്തപുരത്തുവച്ച് നടത്തുകയുണ്ടായോ;

(ബി) അതിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ആ തീരുമാനങ്ങൾ അനുസരിച്ചു ഗവണ്മെന്റ് എന്തു നിലയാണു സ്വീകരിച്ചിരിക്കുന്നത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 24-4-1955-ൽ പഞ്ചായത്ത് ജീവനക്കാരുടെ ഒരു കൺവെൻഷൻ തിരുവനന്തപുരത്തുവച്ചു നടന്നതായി അറിയാം.

(ബി) 1. എല്ലാ പഞ്ചായത്ത് ക്ലാർക്കുമാരേയും പ്രൊമോഷൻ കൊടുത്തു പഞ്ചായത്താഫീസറന്മാരായി നിയമിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

2. ക്ലാർക്ക്, ശിപായി, മിഡ്‌വൈഫ്, തുപ്പുകാർ എന്നീ പഞ്ചായത്ത് ജീവനക്കാർക്ക് മറ്റ ഡിപ്പാർട്ടുമെന്റ ജീവനക്കാരോടൊപ്പം ടൈം സ്കെയിൽ അനുസരിച്ചുള്ള ശമ്പളം 1-4-1955 മുതൽ നൽകുക.

3. ശിപായിമാരെ സർവ്വീസും കഴിവും അനുസരിച്ച പഞ്ചായത്ത് അസിസ്റ്റൻറുമാരായി നിയമിക്കണം.

4. ശിപായിമാർക്ക് 1-1-1955 മുതൽ 20-22 രൂപ വീതവും പാർട്ട് ടൈം ക്ലാർക്കന്മാർക്ക് 1-4-1954 മുതൽ 15-15 രൂപ വീതവും ശമ്പളവും അലവൻസും അനുവദിച്ചുകൊടുക്കുക.

5. അശർവാൾ കമ്മിറ്റി റിപ്പോർട്ടനുസരിച്ച് എസ്റ്റാബ്ലിഷ്മെൻറ് ചെലവിന്റെ 75 ശതമാനം ഗ്രാൻറായി ഓരോ പഞ്ചായത്തിനും അനുവദിക്കുക.

6. 20-7-1948-ലെ ഡിസ്. എൽ. ജി. എ. 69748 എന്ന ഗവണ്മെൻറുത്തരവനുസരിച്ച് മുനിസിപ്പാലിറ്റികളിൽ കൊടുക്കുന്നതുപോലെ, പഞ്ചായത്ത് ജീവനക്കാർക്കും വിനോദനകൃതി പിരിക്കുന്നതിനുള്ള അലവൻസു നൽകുക.

(സി) മേൽ പറയപ്പെട്ട തീരുമാനങ്ങളിന്മേൽ താഴെ പറയുന്ന ഉത്തരവുകൾ ഗവണ്മെൻറ പാസ്സാക്കിയിട്ടുണ്ട്.

1. പഴയ തിരുവിതാംകൂർ സംസ്ഥാനത്തിൽപെട്ട പഞ്ചായത്തുകളിലേയും വില്ലേജുയൂണിയനുകളിലേയും ജീവനക്കാരും, നിശ്ചിത പരീക്ഷായോഗ്യതയുള്ളവരും 45 വയസ്സിൽ കവിയാത്തവരും ആയവരെ പഞ്ചായത്താഫീസറന്മാരായി നിയമിച്ചുകൊള്ളണമെന്നു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. കൺവെൻഷന്റെ തീരുമാനത്തിൽ ആവശ്യപ്പെട്ടിരുന്നതുപോലെ മേൽപ്പറഞ്ഞ ആനുകൂല്യം എല്ലാ പഞ്ചായത്ത് ക്ലാർക്കന്മാർക്കും അനുവദിക്കാൻ നിവൃത്തിയില്ല.

2. എല്ലാ പഞ്ചായത്ത് ജീവനക്കാർക്കും ടൈംസ്കെയിൽ അനുവദിക്കുന്നകാര്യം പഞ്ചായത്തുകളുടെ പൊതുവേയുള്ള ധനസ്ഥിതി അന്വേഷിപ്പെടുമ്പോൾ മാത്രമേ പരിഗണിക്കുവാൻ കഴിയൂ.

3. പൂർണ്ണ യോഗ്യതയുള്ള പഞ്ചായത്ത് ശിപായിമാരെ പഞ്ചായത്ത് അസിസ്റ്റൻറന്മാരായി നിയമിക്കുന്നതാണ്.

4. മിനിമം വേജസ് ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ പ്രകാരം പഞ്ചായത്തുകളിൽ മുഴുവൻ സമയം ജോലിനോക്കുന്ന കണ്ടിജൻസി ജീവനക്കാർക്കു മാത്രമേ 20 ക. ശമ്പളവും 22 ക. അലവൻസും അർഹതയുള്ളൂ. പഞ്ചായത്ത് ശിപായിമാർ പഞ്ചായത്തുകളുടെ "റഗുലർ എസ്റ്റാബ്ലിഷ്മെൻറിൽ" പെടുന്നതുകൊണ്ട് അവർ മിനിമം വേജസ് നോട്ടിഫിക്കേഷന്റെ പരിധിയിൽ പെടുന്നില്ല. പഞ്ചായത്ത് ശിപായിമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നകാര്യം പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു. ഇക്കാര്യം പഞ്ചായത്താഫീസറന്മാരുടെ നിയമനം കഴിഞ്ഞതിനുശേഷം ആലോചിക്കുന്നതാണ്. നിലവിലുള്ള പാർട്ട് ടൈം ക്ലാർക്കിന്റെയോ അമിനാദാർ ക്ലാർക്കിന്റെയോ തസ്തികയ്ക്കു പകരം 20-25 ക. ഗ്രേഡിൽ ഒരു പഞ്ചായത്തസിസ്റ്റൻറിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തുകളിൽ ക്ലാർക്കിന്റെ ജോലി നോക്കുന്നയാളെ പഞ്ചായത്ത് അസിസ്റ്റൻറായി നിയമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. അഗർവാൾകമ്മറ്റിയുടെ നിർദ്ദേശാനുസരണമല്ലെങ്കിലും, പഞ്ചായത്താഫീസറന്മാരുടെ ശമ്പളച്ചെലവിലേക്കായി സഹായധനം നൽകുവാൻ ഈ കൊല്ലത്തെ ബഡ്ജറ്റിൽ 3 ലക്ഷം രൂപ കൊള്ളിച്ചിട്ടുണ്ട്. പഞ്ചായത്താഫീസറന്മാരുടെ നിയമനത്തിനുശേഷം ടി തുക പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നകാര്യം ആലോചിക്കുന്നതാണ്.

6. വിനോദനികുതി പിരിച്ചിക്കുന്നതിലേക്ക് പഞ്ചായത്തുകളിലെ ക്ലാർക്കിന് 3 രൂപയും ശിപായിക്ക 2 രൂപയും വീതം പ്രതിമാസ വേതനംനിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ വിനോദനികുതി പിരിച്ചിക്കുന്ന ജോലിമുനിസിപ്പാലിറ്റികളിലേതിനേക്കാൾ ലഘുതരമായതുകൊണ്ട് മൻപറഞ്ഞ വേതനം വളരെ ന്യായവും ചെയ്യുന്ന ജോലിക്കനുസരിച്ചതുമാണ്.

പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾ.

* 503. [40] ശ്രീ. ജോസഫ് മുണ്ടശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സരപദ്ധതിയനുസരിച്ച് കൃഷിവ്യവസായമേഖലകളിൽ ഏർപ്പെടുത്തുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ യഥാർത്ഥ ഉൽപ്പാദകർ മാത്രമായിരിക്കണം അംഗങ്ങൾ എന്നുള്ള നയം ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) അംഗീകരിച്ചിട്ടില്ലെങ്കിൽ രണ്ടാം പഞ്ചവത്സരപദ്ധതികൊണ്ട് വിഭാവനം ചെയ്യുന്ന സാമ്പത്തിക പരിവർത്തനത്തെ മുൻനിറുത്തി അപ്രകാരം ഒരു നയം അംഗീകരിക്കുവാൻ തയ്യാറുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ടി. കൊച്ചുകുട്ടൻ):

(എ) പഞ്ചവത്സരപദ്ധതിയനുസരിച്ച് കൃഷി വ്യവസായമേഖലകളിൽ ഏർപ്പെടുത്തുന്ന പ്രാഥമിക സഹകരണസംഘങ്ങളിൽ യഥാർത്ഥ ഉൽപ്പാദകർ മാത്രമായിരിക്കണം അംഗങ്ങൾ എന്നുള്ള നയം ഗവണ്മെൻറ് അംഗീകരിച്ചിട്ടില്ല.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതികൊണ്ട് വിഭാവനചെയ്യുന്ന സാമ്പത്തിക പരിവർത്തനത്തെ മുൻനിറുത്തി അപ്രകാരം ഒരു നയം അംഗീകരിക്കാവുന്നതല്ല.

പഞ്ചായത്തുകൾവഴി ചെയ്യുന്ന ജോലികൾ.

* 504. [41] ശ്രീ. പി. കെ ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുവഴി ചെയ്യുവരുന്ന ഡവലപ്പുമെൻറ് സ്കീം അനുസരിച്ചുള്ള ജോലികൾ 1955–56 വർഷത്തേക്ക് ചെയ്യേണ്ടതില്ലെന്ന ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly